## പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 167 — 18.03.2013-ൽ മറുപടിക്ക്

## പീലിംഗ് തൊഴിലാളികളുടെ പ്രശ്നങ്ങൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. എ. എം. ആരിഫ് | | ശ്രീ. കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | പീലിംഗ് തൊഴിലാളികളുടെ ക്ഷേമത്തിനായി എൽ.ഡി.എഫ് സർക്കാർ 01.01.2009-ൽ രൂപീകരിച്ച അഞ്ചംഗ വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; അതിൽ എന്തെല്ലാം ക്ഷേമ പ്രവർത്തനങ്ങളാണ് പ്രസ്തുത മേഖലയിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്; | (എ) | ലഭിച്ചിട്ടുണ്ട്.<br>വിദഗ്ദ്ധ സമിതി താഴെപ്പറയുന്ന ക്ഷേമ പ്രവർത്തനങ്ങൾക്ക് ശുപാർശ ചെയ്തിട്ടുണ്ട്.<br>1) പീലിംഗ് തൊഴിലാളികൾക്കും തൊഴിൽ നിയമങ്ങളുടെ പരിരക്ഷ ഉറപ്പ് വരുത്തുക.<br>2) മിനിമം വേജ് അനുസരിച്ച് പീലിംഗ് തൊഴിലാളികൾക്കും കൂലി ഉറപ്പ് വരുത്തുക.<br>3) പീലിംഗ് ഷെഡ്ഡുകളിലെ ജോലി സാഹചര്യങ്ങൾ തൃപ്തികരമാണ് എന്ന് ഉറപ്പ് വരുത്തുക.<br>4) എല്ലാ പീലിംഗ് ഷെഡ്ഡുകളിലും സാങ്കേതികവും ശുചിത്വപരവുമായ സാഹചര്യങ്ങൾ ഉറപ്പ് വരുത്തുക.<br>5) പീലിംഗ് തൊഴിലാളികളുടെ ആരോഗ്യ സാഹചര്യങ്ങൾ പരിശോധിക്കുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുക.<br>6) പീലിംഗ് തൊഴിലാളികളും ഷെഡ് ഉടമകളും തമ്മിലുള്ള ബന്ധം മെച്ചപ്പെടുത്തുക.<br>7) പീലിംഗ് ഷെഡ് തൊഴിലാളികളുടെ നിലവിലുള്ള പ്രവർത്തനങ്ങൾ വിലയിരുത്തി ഫലവത്തല്ല എങ്കിൽ പുതിയ മാർഗ്ഗങ്ങൾ സ്വീകരിക്കേണ്ടതാണ്.<br>8) പഴയ കമ്മിറ്റിയുടെ ശുപാർശകളും പ്രവർത്തനങ്ങളും വിലയിരുത്തി ഈ മേഖലയിൽ വരുത്തിയ വളർച്ച കണക്കാക്കി പഴയ കമ്മിറ്റിയുടെ റിപ്പോർട്ട് എങ്ങനെ കൂടുതൽ ഉപയോഗപ്രദമാക്കാമെന്നും, ഫലവത്താക്കാമെന്നും അങ്ങനെ പുരോഗതി വരുത്തണമെന്നും ശുപാർശ നടപ്പിലാക്കുക.<br>9) നിലവിലുള്ള നിയമങ്ങൾക്ക് പുറമെ പീലിംഗ് ഷെഡ് തൊഴിലാളികളുടെ നന്മയ്ക്കായി ഒരു പ്രത്യേക പദ്ധതി ഉൾപ്പെടുത്തുക. |

| | | | |
|---|---|---|---|
| | | | 10) പീലിംഗ് ഷെഡ്ഡുകളുടെ പ്രവർത്തനാന്തരീക്ഷം മെച്ചപ്പെടുത്തുന്നതിന് പ്രത്യേകം മാനദണ്ഡം നിശ്ചയിക്കുകയും, നിലവിലുള്ള നിയമത്തിൽ ഒരു പ്രത്യേക വ്യവസ്ഥ ഉൾപ്പെടുത്തി തൊഴിലാളികൾക്ക് കാലാകാലങ്ങളിൽ മെഡിക്കൽ ചെക്കപ്പ് നടത്തുന്നതിനുള്ള സൗകര്യം ലഭ്യമാക്കുക.<br>11) നിലവിലുള്ള വ്യവസ്ഥയിൽ ഏതു പരിധിവരെ നടപ്പിലാക്കാമെന്നുകൂടി പരിശോധിക്കേണ്ടതാണ്.<br>12) തൊഴിലാളികളിൽ ഭൂരിഭാഗം പേരും സ്ത്രീകൾ ആയതിനാൽ അവരുടെ രക്ഷ, സുരക്ഷ, പ്രത്യേക സൗകര്യങ്ങൾ മുതലായവ നിലവിലുള്ള നിയമത്തിൽ ഒരു പ്രത്യേക ഭാഗമായികൊണ്ടു വരിക.<br>13) അനാരോഗ്യ ചുറ്റുപാടുകളിൽ ജോലി ചെയ്യുന്ന പീലിംഗ് ഷെഡ് തൊഴിലാളികളുടെ ആരോഗ്യം ഉറപ്പ് വരുത്തുന്നതിന് പരിഹാര മാർഗ്ഗം കണ്ടെത്തുക.<br>14) സ്ത്രീകളായ അംഗങ്ങളെക്കൂടി ഉൾപ്പെടുത്തി ഒരു പരാതി പരിഹാര സെൽ ഉണ്ടാക്കുക.<br>15) EPF, ESI സൗകര്യങ്ങൾ നടപ്പിലാക്കുമോ എന്ന് പരിശോധിക്കുക.<br>16) ഒരു മോഡൽ പീലിംഗ് ഷെഡ് രൂപീകരിക്കുക. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പീലിംഗ് തൊഴിലാളികളുടെ ക്ഷേമത്തിനായുള്ള വിദഗ്ദ്ധ സമിതി എത്ര തവണ യോഗം ചേർന്നു; എന്തൊക്കെ നിർദ്ദേശങ്ങളാണ് സമർപ്പിച്ചിട്ടുള്ളത്; ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; ഇല്ലെങ്കിൽ എത്രയും വേഗം സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പീലിംഗ് തൊഴിലാളികളുടെ ക്ഷേമത്തിനായുള്ള വിദഗ്ധ സമിതി അംഗങ്ങളുടെ യോഗം 2 തവണ വിളിച്ചു ചേർത്തിട്ടുണ്ട്. വിദഗ്ധ സമിതി റിപ്പോർട്ടിൻ മേൽ ഒരു ആക്ഷൻ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. ആയതിന്റെ വിശദാംശം അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**ACTION PLAN ON THE REPORT OF THE EXPERT COMMITTEE ON HYGIENE, WAGE, AND OTHER SERVICE CONDITIONS AND WORKING CONDITIONS OF LABOURS IN THE FISH PEELING AND PROCESSING UNITS IN KERALA**

1. Director of Fisheries shall give instructions to the Deputy Directors in the districts of Kollam, Alappuzha, Ernakulam, Thrissur and Kozhikode to enlist the peeling sheds in their jurisdiction and to inform the peeling shed owners to register with MPEDA. The district officer shall forward the list of peeling sheds to MPEDA for taking necessary action registering the peelings sheds. By ensuring the registration of peeling sheds the details of peeling sheds become available to the Labour Department and the labour Department could inspect the peeling to ensure that records are maintained as per minimum Wages Act.
2. Instructions may be given to the Commissioner, Kerala Fishermen Welfare Fund Board for the registration of peeling workers as allied workers
3. Instructions may be given to the Managing Director, Matsyafed for the registration of peeling workers in the primary Co-operative Societies of Matsyafed for availing loan from NBCFDC, NMDFC and NCDC.

4.1. A State Level Monitoring Committee (SLMC) may be constituted with the following members for monitoring the enforcement of statutory rules, welfare measures and safety conditions of the workers in peeling sheds. The Committee shall meet once in six months to evaluate the reports from DLMCs.

1. Director of Fisheries (Chairman)
2. Additional Director of Fisheries,
3. Additional Director of Health Services
4. Additional Labour Commissioner
5. ~~Additional Director of Panchayat~~
6. Senior Environment Engineer, Pollution Control Board
7. Law Officer, Directorate of Fisheries

4.2. The SLMC shall address the Labour Department to include the peeling sheds for inspection by Labour Department Squads for ensuring the income of peeling workers

4.3. The SLMC shall address the Principal Secretary, LSGD that only peeling shed registered with MPEDA and having certificate from Kerala State Pollution Control Board shall be given license from the Grama Panchayat.

4.4. The SLMC shall address E.S.I Corporation to examine the ESI contribution and shall address the E.S.I Director for the benefits of ESI to peeling workers

4.5. The Minimum wages of peeling workers was revised in March 2010. It may be revised after 3 years. Hence, SLMC may take steps for the revision of minimum wages of peeling workers in 2013.

4.6. Regarding industrial safety SLMC may address Director of Factories & Boilers

4.7. SLMC shall address the Director, Directorate of Health Services for the [illegible] visit of Health Officials in peeling sheds once in a month.

5.1. A District Level Monitoring Committee (DLMC) may be constituted in the [illegible] districts of Kollam, Alappuzha, Ernakulam, Thrissur and Kozhikode with the following members.

1. District Collector (Chairman)
2. District Labour Officer
3. District Medical Officer
4. District Environment Engineer
5. Representative of Factories & Boilers Department
6. Representative of ESI
7. Representative Provident Fund Department
8. Representative of peeling workers
9. Deputy Director of Fisheries (convener)

5.2. The DLMC shall meet once in three months to deal with the problems of peeling workers such as income security, work security, medical care under ESI, ESI coverage of peeling workers, conducting training and

awareness programmes in sanitation, hygiene, pre-process handling, Matsyaboard schemes, registration in Matsyaboard, introducing suitable health package, conducting medical camps for the health problems, health education to peeling workers etc and report the same to the SLMC. Proposal may be forwarded to the Director of Fisheries for meeting the expenses of the DLMC under the Head of Account 2405-00-800-97-34-OC.

5.3. The DLMC shall also examine the following and take appropriate action or report to the SLMC

5.4. By inspecting the peeling sheds the Labour Officer has to ensure that Muster Roll is properly maintained

5.5. Peeling sheds with more than 20 peeling workers come under Factories Act and such peeling sheds come under the coverage of Provident Fund.

5.6. Engaging children below an age of 14 years in peeling work is punishable and such cases may be reported to District Labour Office (Enforcement) OR Labour Department's Call Centre Number 155300 or Child Lane (Toll Free No. 1098.

5.7. DLMC shall gather information about the peeling sheds functioning illegally and appropriate action may be taken.

5.8. The solid waste generated in the units shall not be stored more than 12 hours in the premises and shall be disposed to authorized agencies for reprocessing. DLMC shall ensure that effluents and waste are properly disposed of from the peeling sheds.

5.9. DLMC shall ensure that health officials are visiting the peeling sheds.